## മതസൗഹൃദത്തിനായുള്ള
## പൊന്തിഫിക്കൽ കൗൺസിൽ

# *ക്രൈസ്തവരും മുസ്ലീങ്ങളും:*
# *സമാധാനത്തിന്റെ സംസ്ക്കാരം പ്രചരിപ്പിക്കുവാൻ*
# *വിളിക്കപ്പെട്ടവർ*

റംസാൻ സമാപനത്തിൽ നൽകുന്നതായ സന്ദേശം

ഈദ് അൽ-ഫിത്ർ 1428 ഹിജറ / 2007 എ. ഡി.

വത്തിക്കാൻ സിറ്റി

പ്രിയപ്പെട്ട മുസ്ലീം സുഹൃത്തുക്കളെ,

1. റംസാൻ മാസത്തിൽ ഒരു മാസത്തെ വ്രതവും പ്രാർത്ഥനയും ഉപവാസവും കഴിഞ്ഞ് സന്തോഷകരമായ ഈദ് അൽ–ഫിത്ർ വിരുന്ന് ആഘോഷിക്കുന്ന ഈ സമയത്ത് മതസൗഹൃദത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിലിൽനിന്നും സൗഹൃദപൂർണ്ണവും ഊഷ്മളവുമായ അഭിവാദനങ്ങൾ അർപ്പിക്കുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. മുസ്ലീം സമുദാ–യാംഗങ്ങൾക്കും വ്യക്തിപരമായും, കുടുംബപരമായും, സാമൂഹ്യമായും പുതിയ ശക്തി നൽകുന്ന ഒരു അവസരമാണിത്. ഏറ്റവും സുപ്രധാനമായത് നാമെല്ലാവരും നമ്മുടെ മതവിശ്വാസങ്ങൾക്കനുസരണമായി, സൃഷ്ടാവിന്റെ താൽപര്യങ്ങൾ അനുസരിച്ച്, നമ്മുടെ സഹോദരങ്ങളെ സേവിക്കുന്നതിനും മറ്റ് മതത്തിലുള്ളവരോട് സൗഹൃദത്തോടും ഐകമത്യത്തോടും ഇട–പെടുന്നതിനും, എല്ലാവരുമായി സദ്ഭാവനയോടെ പെരുമാറുന്നതിനും അപ്രകാരം എല്ലാവരുടേയും നന്മയ്ക്കായി പ്രവർത്തിക്കുന്നതിനും മുൻതൂക്കം നൽകുന്നു എന്നതാണ്.

2. നാം വളരെ ക്ഷോപം നിറഞ്ഞ കാലഘട്ടത്തിലാണ് കഴിയുന്നത്. സർവ്വശക്തനിൽ വിശ്വസിക്കുന്നവർ എന്നനിലയിൽ മതവിശ്വാസികൾക്ക് സമാധാന ദൂതർ എന്ന പേരിനർഹരാകുവാൻ എല്ലായിടങ്ങളിലും മതവിഭാഗങ്ങൾക്കും വ്യക്തികൾക്കും അവരവരുടെ വിശ്വാസം അനുസരിച്ച് കഴിയുവാനുള്ള സ്വാതന്ത്ര്യം നൽകേണ്ടത് ഏറ്റവും ആവശ്യമായ ഒരു സംഗതിയാണ്. മതസ്വാതന്ത്ര്യമെന്നത്, കേവലം ആരാധാനാസ്വാതന്ത്യം മാത്രമല്ല. ഇത് ഓരോ വ്യക്തിയുടെയും അവകാശവും മാനുഷീകാ–വകാശങ്ങളുടെ അടിസ്ഥാനശിലയുമാണ്. മനുഷ്യനിൽ അന്തർലീന–മായിരിക്കുന്ന ദൈവതേജസ്സിനെ ഹനിക്കുന്നതായ ആക്രമണ വാസന മതവിശ്വാസത്തിൽനിന്നും ഉത്ഭവിക്കുന്നതായിരിക്കുകയില്ല. മനുഷ്യർ തമ്മിൽ സാഹോദര്യവും സമാധാനവും വളർത്തുവാൻ ഓരോരുത്തരും കഴിവത് പ്രവർത്തിക്കണം എന്നതാണ് അടിസ്ഥാനപരമായുള്ളത്. അക്രമം, പ്രത്യേകിച്ച് അന്ധമായി നിരവധി നിരപരാധികളെ കൊന്നൊടുക്കുന്ന ഭീകരപ്രവർത്തനങ്ങൾ, അഭിപ്രായ ഭിന്നതകൾ പരിഹരിക്കുന്നതിന് ഉതകുകയില്ല എന്നും സമൂഹത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെ തന്നെയും നാശത്തിലേക്ക് നയിക്കുന്ന പകയും വിദ്വേഷവും വർദ്ധിക്കുവാൻ മാത്രമേ ഉതകുകയുള്ളൂ എന്നും നമുക്കെല്ലാം അറിവുള്ളതാണ്.

3. മനുഷ്യർ ഓരോരുത്തരും തന്റെ സഹോദരങ്ങളെ ഭേദമില്ലാതെ കരുതുകയും അവർ തമ്മിൽ സാഹോദര്യം വളർത്തുകയും സമൂഹത്തിന്റെ കെട്ടുറപ്പ് വർദ്ധിക്കുവാൻ സഹായിക്കുകയും ചെയ്യുകയും ചെയ്യുന്നത് മതവിശ്വാസികളായ നാം ഓരോരുത്തരുടെയും കടമയാണ്. ഓരോ രാജ്യത്തും ഒരു വ്യക്തിപോലും അവരുടെ മതവിശ്വാസത്തിന്റെയോ, വർഗ്ഗപരമായ കാരണങ്ങളാലോ മറ്റ് ഏതെങ്കിലും വ്യക്തിപരമായ കാരണങ്ങളാലോ തരം താഴ്ത്തപ്പെടുകയോ അകറ്റിനിർത്തപ്പേടുകയോ ചെയ്യുവാൻ ഇടവരരുത്. വിവിധ മതാചാരങ്ങൾ അനുഷ്ഠിക്കുന്നവരായ നാമെല്ലാം ഒത്തുചേർന്ന് വിവിധ മാനവസമൂഹങ്ങൾ തമ്മിലും വ്യക്തികൾ തമ്മിലും സ്നേഹപൂർണ്ണമായ പെരുമാറ്റവും എല്ലാ മനുഷ്യരും തമ്മിൽ ആദരവും വർദ്ധിപ്പിക്കുവാൻ നിരന്തരം പ്രയത്നിക്കേണ്ടതാണ്. നാളയുടെ കാര്യസ്ഥരായ നമ്മുടെ യുവതലമുറ ഈ ഉൽകൃഷ്ടചിന്ത ഉൾക്കൊണ്ട് വളരുവാൻ തക്കവണ്ണം ആവശ്യമായത് പ്രവർത്തിക്കുവാൻ നാമെല്ലാവർക്കും ചുമതലയുണ്ട്. ഈ ചുമതല പ്രത്യേകമായി ഓരോ കുടുംബത്തിനുമുണ്ട്. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നവർക്കും, സാമുഹ്യവും മതപരവുമായ സ്ഥാപനങ്ങളുടെ

മേൽനോട്ടം വഹിക്കുന്നവർക്കും ഈ ഉത്തരവാദിത്വമുണ്ട്. നീതിയുക്തവും പക്ഷഭേദമില്ലാത്തതുമായ കാര്യങ്ങൾ മാത്രമേ ജനങ്ങളെ ഉപദേശിക്കുകയുള്ളൂ എന്നത് എല്ലാവരുടേയും ഉത്തരവാദിത്വമാണ്. ഓരോരുത്തർക്കും അവരവരുടെ ചുറ്റുപാടുക-ളനുസരിച്ചുള്ള സാമൂഹിക വിദ്യാഭ്യാസം നൽകേണ്ടതാണ്. ഓരോ യുവാക്കളും തനിക്കു ചുറ്റുമുള്ളവരെ ബഹുമാനിക്കുവാനും, തങ്ങളുടെ ചുറ്റുപാടും വസിക്കുന്നവരെ സ്വന്തം സഹോദരങ്ങളെപ്പോലെ കരുതുവാനും, വ്യത്യാസമില്ലാതെ ഓരോരുത്തരും തമ്മിൽ സഹോദരതുല്യമായ കരുതൽ വളർത്തിയെടുക്കുവാനും ഇത്തരം സാമൂഹിക വിദ്യാഭ്യാസം ഉപകരി-ക്കേണ്ടതാണ്. അങ്ങനെ വ്യക്തിപരവും സാമൂഹ്യവുമായ കാര്യങ്ങളെ-പ്പറ്റിയും അടിസ്ഥാനപരമായ മാനുഷീകവും, സാന്മാർഗ്ഗീകവും, സാമൂഹ്യ-പരവുമായ സൽകാര്യങ്ങളെപ്പറ്റിയും യുവതലമുറകളോട് ഉപദേശിക്കേണ്ടത് മുമ്പ് എന്നത്തേക്കാളുമധികം ഇന്ന് ആവശ്യമായിരിക്കുകയാണ്. സാമൂഹ്യവിരുദ്ധമായ ഓരോ പ്രവൃത്തിയും ചൂണ്ടിക്കാട്ടി യുവാക്കളെ അതിന്റെ ഭവിഷ്യത്തുകളെപ്പറ്റി ബോധവൽക്കരിക്കേണ്ടതുണ്ട്. ഓരോ സമൂഹത്തിന്റെയും തന്മൂലം ലോകത്തിന്റെ മുഴുവന്റെയും നന്മയാണ് ഇപ്രകാരം അപകടത്തിലായിക്കുന്നതെന്ന് നാമെല്ലാവരും പ്രത്യേകം ഓർക്കേണ്ടതാണ്.

4. ഈ സാഹചര്യത്തിൽ ക്രൈസ്തവരും മുസ്ലീങ്ങളും തമ്മിലുള്ള സൗഹൃദം വർദ്ധിപ്പിക്കുന്നത് വളരെ പ്രാധാന്യം അർഹിക്കുന്നു. ഇത് സാമൂഹ്യവും സാംസ്ക്കാരികവുമായ മണ്ഡലങ്ങളിൽ ആയിരിക്കേണം. നമ്മുടെ എല്ലാ കഴിവുകളും ഉപയോഗിച്ച് ലോക സമൂഹത്തിന്റെ സുരക്ഷയ്ക്കുവേണ്ടി നമ്മുടെ യുവജനങ്ങളോട് അവർ സാമൂഹ്യമായും സാംസ്ക്കാരികമായും അന്യോന്യം തടസ്സം നിൽക്കുന്നവരല്ല, പിന്നെയോ സഹോദരങ്ങളായി പ്രവർത്തിക്കേണ്ടവരാണെന്ന് ഉപദേശിക്കേണ്ടതാണ്. ഇന്ന് നമ്മുടെ സമൂഹങ്ങളെ നേരിടുന്ന നിരന്തരമായ സംഘർഷ-ത്തിൽനിന്നും തന്മൂലമുണ്ടാകുന്ന പിരിമുറുക്കങ്ങളിൽനിന്നും രക്ഷപെടുവാൻ നാം അന്യോന്യം കൂടുതലായി ചർച്ചകൾ നടത്തുകയും സൗഹൃദം വളർത്തുകയും വേണം. ഇങ്ങനെ നമ്മുടെ വിവിധ സംഘടനകളിൽ പരസ്പര ബഹുമാനവും ഐകമത്യവും വളരുവാനിടവരും.

5 ഇതിനായി നിങ്ങളെല്ലാവരും എന്റെ ഈ വാക്കുകൾ ശ്രദ്ധിക്കുകയും കൂടുതലായ ചർച്ചകളിലും ഇടപഴകലുകളിലുംകൂടി ക്രൈസ്തവരും മുസ്ലീങ്ങളും ഒരുമിച്ച് പ്രവർത്തിക്കുകയും അങ്ങനെ എല്ലാവർക്കും ഒരു നല്ല ഭാവി കൈവരുന്നതിന് ശ്രമിക്കുകയും വേണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത് ഇന്നത്തെ യുവതലമുറയ്ക്കും അനുകരിക്കുന്നതിന് നല്ല ഒരു ഉദാഹരണ-മായിത്തീരും. അങ്ങനെ യുവതലമുറയ്ക്ക് സമൂഹത്തിലുള്ള വിശ്വാസം വർദ്ധിക്കുകയും ഒരു വ്യത്യസ്തമായ വ്യവസ്ഥിതിക്കായി പരിശ്രമിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. വിദ്യാഭ്യാസവും ഇപ്രകാരമുള്ള ഉദാഹരണവും അവരുടെ ഭാവി ജീവിതത്തിലുള്ള ആശങ്കകളെ മാറ്റി ആത്മവിശ്വാസം പകർന്നു നല്കും.

എനിക്കു നിങ്ങളോട് ഈയവസരത്തിൽ പങ്കുവെയ്ക്കുവാനുള്ളത് ഒരു ഹൃദയനിർഭരമായ അഭിവാഞ്ചയാണ്:: ക്രൈസ്തവരും മുസ്ലീങ്ങളും പൂർവ്വാധികം സൗഹൃദപൂർവ്വവും ക്രിയാത്മകവുമായ ബന്ധം വികസിപ്പി-ക്കുകയും ഓരോരുത്തരും അവരവരുടെ നൈസർഗീകമായ സമ്പത്തുകൾ അന്യോന്യം പങ്കിടുകയും ഓരോ വിഭാഗവും തങ്ങളുടെയും മറ്റുള്ള-വരുടെയും വിശ്വാസികളായുള്ളവരുടെ സാക്ഷ്യത്തെ വിലമതിക്കുകയും വേണമെന്നതാണ് ഈ ആഗ്രഹം.

പ്രിയപ്പെട്ട മുസ്ലീം സുഹൃത്തുക്കളേ, ഒരിക്കൽകൂടി നിങ്ങളുടെ ഈ സന്തോഷകരമായ ഉത്സവസമയത്ത് എന്റെ ഹാർദ്ദവമായ അഭിവാദനങ്ങൾ നേരുന്നു. സമാധാനത്തിന്റെയും കരുണയുടെയും ഉറവിടമായ ദൈവത്തോട് നിങ്ങളെല്ലാവർക്കും ആരോഗ്യവും, അഭിവൃദ്ധിയും, സമാധാനവും അളവറ്റ് പകർന്നുനൽകുവാനായി പ്രാർത്ഥിക്കുന്നു.

Jean-Louis Card. Tauran

പ്രസിഡൻറ്

Pier Luigi Celata

സെക്രട്ടറി


PONTIFICAL COUNCIL FOR INTERRELIGIOUS DIALOGUE
00120 Vatican City
Phone : 0039 06 698 84 321
Fax : 0039 06 698 844 94
E-mail : dialogo@interrel.va